"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്—പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ—അക്കാഡമിക് അലവൻസ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ. ഉ. (അച്ചടി) നമ്പർ 1/2023/SCSTD തിരുവനന്തപുരം, തീയതി 2023 ജനുവരി 5.

പരാമർശം:—(1) കേന്ദ്ര സർക്കാരിന്റെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള 2010-ലെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ

(2) സ.ഉ. (അച്ചടി) നമ്പർ 01/2020/പജപവവിവ തീയതി 9-1-2020

(3) കേന്ദ്ര സർക്കാരിന്റെ 2021-ലെ പുതുക്കിയ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ

ഉത്തരവ്

സംസ്ഥാനത്തെ പ്രീമെട്രിക്/പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ. വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം നിജപ്പെടുത്തിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (3) പ്രകാരം കേന്ദ്രസർക്കാർ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശം അനുസരിച്ച് അക്കാഡമിക് അലവൻസുകൾ ഉൾപ്പെടെയുള്ള സ്കോളർഷിപ്പുകൾ കോഴ്സ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഒറ്റത്തവണയായിട്ടാണ് വിതരണം ചെയ്യേണ്ടത്. സംസ്ഥാന സർക്കാർ വിതരണം ചെയ്തുവരുന്ന സ്കോളർഷിപ്പ് പദ്ധതി ടി മാതൃകയിൽ കോഴ്സ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുകയും പ്രതിമാസ പേയ്മെന്റുകൾ വാർഷിക കണക്കിൽ ഏകീകരിച്ച് ഒറ്റത്തവണയായി വിതരണ രീതിയിലേക്ക് മാറുകയും ചെയ്യേണ്ടതുണ്ട്.

GCPT. 3/89/2023/TP.

മേൽ സാഹചര്യത്തിൽ പരാമർശം (2) ഉത്തരവിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് പഠനം എന്ന ഭാഗം ചുവടെ പറയും പ്രകാരം പുനഃക്രമീകരിച്ച് കൊണ്ട് ഉത്തരവാകുന്നു.

സ്റ്റേറ്റ് അക്കാഡമിക് അലവൻസ്

(1) സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന വിവിധ അലവൻസുകളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവയുടെ ആകെ തുക സ്റ്റേറ്റ് അക്കാഡമിക് അലവൻസ് എന്ന പേരിൽ ഒറ്റത്തവണയായി ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന വിതരണം ചെയ്യുന്നതാണ്.

(2) ഇ-ഗ്രാന്റ്സ് സൈറ്റിലെ എല്ലാ കോഴ്സുകളും പുതുക്കിയ കേന്ദ്ര മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 4 കോഴ്സ് ഗ്രൂപ്പുകളായി (Group-1, Group-2, Group-3, Group-4) തരം തിരിച്ച് സ്റ്റേറ്റ് അക്കാഡമിക് അലവൻസ് വിതരണം ചെയ്യുന്നതാണ്.

(3) നിലവിലുള്ള അക്കോമഡേഷൻ കാറ്റഗറികൾ പുതുക്കിയ കേന്ദ്ര മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇ-ഗ്രാന്റ്സ് സൈറ്റിൽ Day Scholar, Hosteller എന്നീ രണ്ട് വിഭാഗങ്ങളായി ചുവടെ പറയും പ്രകാരം തരം തിരിക്കുന്നു.

ക്രമ നമ്പർ	നിലവിലുള്ള അക്കോമഡേഷൻ കാറ്റഗറി	പരിഷ്കരിക്കുന്ന അക്കോമഡേഷൻ കാറ്റഗറി
1	Day Scholar (up to 8 km)	Day Scholar
2	Day Scholar (above 8 km)	
3	Institution Hosteller	Hosteller
4	Private Hosteller	
5	Post Matric Hosteller	

(4) Day Scholar വിഭാഗത്തിനു നൽകുന്ന പ്രതിമാസ സ്റ്റൈപ്പന്റ് ദൂരപരിധിയില്ലാതെ പ്രതിവർഷം ₹ 8,500 ആയി ഏകീകരിക്കുന്നു.

(5) CA/ICWA/CS/ICFA കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളെ Day Scholar ആയി മാത്രമേ പരിഗണിക്കുകയുള്ളൂ. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഹോസ്റ്റലറായി പരിഗണിക്കുന്നതാണ്.

(6) ഓരോ കാറ്റഗറിക്കും സ്റ്റേറ്റ് അക്കാഡമിക് അലവൻസ് ഇനത്തിൽ അർഹതപ്പെട്ട ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കാറ്റഗറി	സ്റ്റേറ്റ് അക്കാഡമിക് അലവൻസ്	
1	Day Scholar	ലംപ്സം ഗ്രാന്റ്	സ്റ്റൈപ്പന്റ്
2	Hosteller	ലംപ്സം ഗ്രാന്റ്	പോക്കറ്റ് മണി

(7) M. Phil, Ph. D, M. Tech, M. lit. തുടങ്ങിയ കോഴ്സുകൾക്ക് അനുവദിക്കുന്ന ഫെലോഷിപ്പ് നിലവിലുള്ളതുപോലെ പ്രതിമാസ കണക്കിൽ വിതരണം തുടരുന്നതാണ്.

2022-23 വർഷം മുതൽ ഈ ഉത്തരവിന് പ്രാബല്യമുണ്ടായിരിക്കും. ലംപ്സം ഗ്രാന്റ്, ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി എന്നിവ വർദ്ധിപ്പിച്ച് ഉത്തരവാകുന്നതുവരെ വിതരണം നിലവിലെ നിരക്കിൽ തുടരേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പ്രശാന്ത് എൻ. ഐ. എ. എസ്.,
സ്പെഷ്യൽ സെക്രട്ടറി.

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹോമിയോപ്പതിക് ഡയറക്ടർ, തിരുവനന്തപുരം

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ആയുർവേദ കോളേജ് പ്രിൻസിപ്പൽമാർ (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)

മാനേജിംഗ് ഡയറക്ടർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

എല്ലാ സർവ്വകലാശാലാ രജിസ്ട്രാർമാർക്കും (പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G & SSA), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E & RSA), കേരള, തിരുവനന്തപുരം

പ്രവേശന പരീക്ഷാ കമ്മീഷണർ, KEAM

ധനകാര്യ വകുപ്പ്

പട്ടികജാതി/പട്ടികവർഗ്ഗ വികസന (പി. എം.) വകുപ്പ്

പൊതു വിദ്യാഭ്യാസ വകുപ്പ്

ഉന്നത വിദ്യാഭ്യാസ വകുപ്പ്

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ